**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1735** **29-09-2025 - ൽ മറുപടിയ്ക്ക്**

**റബ്ബറിന്റെ തറവിലയും തൊഴിലാളിക്ഷാമവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് റബ്ബറിന്റെ തറവില 250 രൂപയായി ഉയർത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ; എത്ര രൂപ നിരക്കിലാണ് ഇപ്പോൾ റബ്ബർ ഷീറ്റ്, റബ്ബർ പാൽ എന്നിവ സംഭരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | **2024 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, കിലോഗ്രാമിന് 170/- രൂപ എന്നത് 180/- രൂപയാക്കി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. താങ്ങുവില വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അനുകൂലമായ മറുപടിയൊന്നും ലഭിച്ചിട്ടില്ല. 25.06.2024-ലെ ജി.ഒ(പി)നമ്പർ.48/2024/ ധനകാര്യം പ്രകാരം റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീംപ്രകാരം കേരള സർക്കാർ റബ്ബർ പാൽ/ ലാറ്റെക്സിന്റെ സബ്‌സിഡി കണക്കാക്കുന്ന രീതി താഴെ പറയും പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.**<br><br>**180 രൂപ [റബ്ബറിന്റെ താങ്ങുവില](-) ആർ.എസ്.എസ്-IV ന്റെ നോട്ടിഫൈഡ് വില അല്ലെങ്കിൽ ലാറ്റക്സിന്റെ നോട്ടിഫൈഡ് വില [ഏതാണോ കൂടുതൽ അത്](-)10 രൂപ [ഒരു കിലോ റബ്ബർ ഷീറ്റ് ഉത്പാദിപ്പിക്കാൻ ഉണ്ടാകുന്ന അധിക ചെലവ്]** |
| (ബി) | സംസ്ഥാനത്ത് റബ്ബർ മേഖലയിൽ തൊഴിലാളികളുടെ ക്ഷാമവും റബ്ബർ വിലയിടിവും വളം വിലയിൽ ഉണ്ടായ വർദ്ധനവും മൂലം റബ്ബർ കൃഷി കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ പത്തുവർഷത്തിൽ റബ്ബർ കൃഷി എത്ര ഹെക്ടർ കുറവ് വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | കേരളത്തിൽ റബ്ബർ കൃഷി ചെയ്യുന്ന വിസ്തീർണം 2013-14 ൽ 548,225 ഹെക്ടറിൽ നിന്ന് 2023-24 ൽ 548,300 ഹെക്ടറായി വർദ്ധിച്ചു. |
| (സി) | മലയോര മേഖലകളിൽ വന്യമൃഗ ശല്യം മൂലം ടാപ്പ് ചെയ്യുന്നതിന് ആളുകൾ ഇല്ലാതെ റബ്ബർ കൃഷി ഉപേക്ഷിക്കപ്പെട്ടകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | മലയോര മേഖലകളിൽ വന്യ മൃഗങ്ങളുടെ ശല്യം മൂലം റബ്ബർ ടാപ്പിംഗ് താൽക്കാലികമായി തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.കൃഷി വകുപ്പും,തദ്ദേശ ഭരണ വകുപ്പും , വനം വകുപ്പും ചേർന്ന് സോളാർ ഹാംഗിങ് ഫെൻസ്, സൗരവേലി, ആനവേലി , നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വന്യമൃഗങ്ങളെ കൃഷിയിടത്തിൽ നിന്ന് അകറ്റാനുള്ള മാർഗ്ഗങ്ങൾ |

| | | | |
|---|---|---|---|
| | | | തുടങ്ങിയവ നടപ്പിലാക്കി വരുന്നുണ്ട്.ഇതിനായി വനം വകുപ്പിന്റെ പദ്ധതികളോടൊപ്പം ആർ.കെ.വി.വൈ പദ്ധതി സംസ്ഥാന പദ്ധതികൾ, നബാർഡ് RIDF പദ്ധതികൾ തുടങ്ങയിവയിൽ നിന്നും കൃഷി വകുപ്പ് ഫണ്ട് ലഭ്യമാക്കുന്നുണ്ട്. ഈ സർക്കാരിന്റെ കാലത്താണ് ആദ്യമായി വന്യമൃഗശല്യം നേരിടുന്നതിന് കൃഷി വകുപ്പ് വിവിധ പദ്ധതികളിൽ നിന്നും തുക കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ